പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1526      14.12.2012-ൽ മറുപടിക്ക്

## മാലിന്യ സംസ്ക്കരണവും ഇൻസിനറേറ്ററും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>" എ. പ്രദീപ്കുമാർ<br>" സി. കൃഷ്ണൻ<br>" സാജു പോൾ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻസിനറേറ്റർ വാങ്ങിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഇല്ല. |
| ബി) ഇതിനായി എത്ര ഇൻസിനറേറ്റർ ആവശ്യമുണ്ട് ; ഇതിനകം വാങ്ങിയ ഇൻസിനറേറ്ററിന്റെ പ്രവർത്തനക്ഷമതയും ഗുണനിലവാരവും വിലയും സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി) തിരുവനന്തപുരം വിളപ്പിൽശാല കമ്പോസ്റ്റ് പ്ലാന്റ് അടച്ചു പൂട്ടിയതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക മാലിന്യ സംസ്ക്കരണം എന്ന നിലയിലാണ് ഒരു മൊബൈൽ ഇൻസിനറേറ്റർ 2.19 കോടി രൂപ മുതൽമുടക്കി വാങ്ങിയത്. ഇപ്പോൾ ഇത് ട്രയൽ റൺ നടത്തി വരുകയാണ്. പ്രവർത്തനക്ഷമതയും മറ്റും വിലയിരുത്തി വരുന്നു. |
| സി) മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിച്ചുവരുന്ന ശുചിത്വമിഷൻ ഇതിനായി വിളിച്ച ആഗോള ടെൻഡർ പിന്നീട് റദ്ദാക്കിയത് എന്തുകൊണ്ടാണ് ; | സി) ശുചിത്വമിഷൻ മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി ആഗോള ടെൻഡർ ഒന്നും വിളിച്ചിട്ടില്ല. |
| ഡി) ശുചിത്വ മിഷനേയും ആഗോള ടെൻഡറും ഒഴിവാക്കി ഇൻസിനറേറ്റർ വാങ്ങാൻ സിഡ്കോയെ ചുമതലപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | ഡി) ശുചിത്വമിഷൻ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്ന ഏജൻസിയാണ്. മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനായി സിഡ്കോയെ ചുമതലപ്പെടുത്തിയത് ഇത്തരം മെഷീനറികൾ വാങ്ങുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് അവരെയാണെന്നതിനാലാണ്. |
| ഇ) ടെൻഡറും സ്റ്റോർ പർച്ചേസ് മാന്വലും അനുസരിച്ച് ഇൻസിനറേറ്റർ വാങ്ങാൻ തയ്യാറാകുമോ? | ഇ) ആഗോള ടെൻഡറിലൂടെയാണ് സിഡ്കോ വാങ്ങിയത്. തൽക്കാലം പുതുതായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ